നാഗർകോവിൽ ക്ഷയരോഗാശുപത്രി

*വ ൦ ൨. (൧൩) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ ഇപ്പോൾ എത്ര ബഡ്സ് ഉണ്ടെന്നു പറയാമോ;

(ബി) അവിടെ വെയിറ്റിംഗ് ലിസ്റ്റിൽ ഇപ്പോൾ എത്ര പേരുണ്ടെന്നു പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പ് മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൧൯൨.

(ബി) ൧൬൫.

ശ്രീമതി ദേവകീഗോപിദാസ്: വെയിറ്റിംഗ് ലിസ്റ്റിൽ സീനിയറായി വന്നിട്ടുള്ള ആൾ എത്ര കാലമായി സീനിയറായി നില്ക്കുന്നു എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരം കിട്ടിയിട്ടില്ല. സീനിയോർട്ടി അനുസരിച്ച് തന്നെയാണ് പ്രവേശനം കൊടുക്കുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവിടെ ഉപകരണങ്ങളും മരുന്നുകളും ഇല്ലാതെ രോഗികൾ ബുദ്ധിമുട്ടുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ രോഗികൾ ആരും ബുദ്ധിമുട്ടുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവിടെ ഇപ്പോൾ രോഗികൾക്ക് പച്ചരിച്ചോറാണ് കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടിനു് അരി കിട്ടുന്നതനുസരിച്ചാണ് കൊടുക്കുന്നത്. പച്ചരിച്ചോറ പുഴുക്കലരി കിട്ടാത്ത അവസരത്തിൽ മാത്രമേ കൊടുക്കുന്നുള്ളൂ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പച്ചരിച്ചോറ ഉണ്ണുന്നതുകൊണ്ടു രോഗികൾക്ക് കൂടുതൽ സുഖക്കേടു് ഉണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. തോമസ്: അവിടെ കൈക്കൂലി കൊടുക്കാൻ ശക്തിയില്ലാത്തവർ പോയാൽ കിടക്കയില്ലെന്നു പറഞ്ഞു വിടുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയില്ല.

കൂടുതൽ ക്ഷയരോഗാശുപത്രി

*വ ൦൩. (൧൭) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂറിൽ ഒരു ക്ഷയരോഗാശുപത്രി കൂടി സ്ഥാപിക്കുന്ന കാര്യം ഗവണ്മെണ്ട് ആലോചിക്കുന്നുണ്ടോ?

ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: ഈ സ്റ്റേറ്റിൽ ക്ഷയരോഗികളുടെ എണ്ണം എത്രയുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഏകദേശം അയ്യായിരത്തിൽ കൂടുതൽ ഉണ്ടെന്നാണറിവു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ദേവകീഗോപിദാസു": അപ്പോൾ മരു ക്ഷയരോഗാശുപത്രി മതിയെന്നാണോ ഗവൺമെന്റു വിചാരിക്കുന്നതു"?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ വിചാരിക്കുന്നില്ല. ഇപ്പോൾ മുളകുന്നത്തുകാവിൽ മരു ക്ഷയരോഗാശുപത്രികൂടി സ്ഥാപിച്ചു പ്രവത്തനം തുടങ്ങിയിട്ടുണ്ടു". അവിടെ നൂറിഅൻപതു രോഗികളെ പ്രവേശിപ്പിക്കത്തക്ക സൗകര്യങ്ങളും ഉണ്ടു".

ശ്രീ. കെ. ആർ. ഇലങ്കത്തു": തിരുവനന്തപുരത്തു് മരു ക്ഷയരോഗക്ലിനിക്കു തുടങ്ങുന്നു എന്നു പറഞ്ഞല്ലോ. അവിടെ ബെഡ്സും പ്രൊവൈഡു് ചെയ്യുന്നതിനാലോചനയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇവിടെ മിൻറകിടന്ന സ്ഥലത്തു് ഒരു ക്ഷയരോഗക്ലിനിക്കു് സ്ഥാപിക്കാൻ ആലോചനയുണ്ടു". അതു് യു. എൻ. സി. ഇ. എഫ്.-ന്റെ ആഭിമുഖ്യത്തിലാണു". അവർ ആറരലക്ഷം രൂപായുടെ സാധനങ്ങളും സാമഗ്രികളും മറവ കേന്ദ്രത്തിലുള്ളവരെ പരിശീലിപ്പിക്കുന്നതിനു് വിദഗ്ധന്മാരെയും അയച്ചുതരാമെന്നു സമ്മതിച്ചിരിക്കയാണു". അതു് ഡിസമ്പർ മന്നാംതീയതിയോടുകൂടി ആരംഭിക്കണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു".

ശ്രീ. കെ. ആർ. ഇലങ്കത്തു": ഈ മിൻറകെട്ടിടത്തിൽ ക്ഷയരോഗക്ലിനിക്കു് സ്ഥാപിക്കാൻ ആലോചിക്കുന്നതിനെക്കുറിച്ചു് സമീപത്തു താമസക്കാരായ ജനങ്ങൾക്കു വളരെ പ്രതിഷേധമുണ്ടെന്നുള്ളതു ഗവൺമെന്റിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: ജനങ്ങൾക്കു പ്രതിഷേധമുണ്ടെന്നുള്ള സംഗതി മന്നംതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. എ. சிதம்பரநாத நாடார்: ஸர், திருவிதாங்கூர் கொச்சி ஐக்கியத்தில் ஐயாயிரம் க்ஷயரோகிகள் இருக்கிறார்கள் என்று சொன்னார்கள். காமனி ஆற்றிற்கு அப்புறம் எத்தனை க்ஷயரோகிகள் இருக்கிறார்கள் என்று சொல்ல முடியுமா?

ശ്രീ. എ. ജെ. ജോൺ: അതിനു പ്രത്യേകമായി കണക്കുകൾ മന്നം എടുത്തിട്ടില്ല.

ശ്രീ. വട്ടിസ്സു" അഗസ്റ്റ്യൻ: ഈ രണ്ടാമതു സ്ഥാപിച്ച ക്ഷയരോഗാശുപത്രിയിൽ വരുന്നവരുടെ വെയിറ്റിംഗ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾതന്നെ അതു് ഏകദേശം നിറഞ്ഞിട്ടുണ്ടെന്നാണറിവു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതുപോലധികം ക്ഷയരോഗികൾ ഉള്ള ഈ സംസ്ഥാനത്തു് ഒരു ക്ഷയരോഗാശുപത്രിമാത്രം ഉള്ളതുകൊണ്ടു് അവർക്കു വളരെ സീരിയസ്സായതിനുശേഷം മാത്രമല്ലേ ആ ആശുപത്രിയിൽ പോകുന്നതിനു സാധിക്കയുള്ളു. അതുകൊണ്ടു് ആവശ്യമായ ക്ലിനിക്കുകൾ ഇവിടെ സ്ഥാപിക്കണമെന്നു് ഗവൺമെന്റു് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിലേക്കുവേണ്ടിയാണു് ഇപ്പോൾ രണ്ടുമുന്നു ക്ലിനിക്കുകൾകൂടി തുടങ്ങണമെന്നു് തീരുമാനിച്ചതു". പള്ളുരുത്തിയിൽ ഒരു ക്ലിനിക്കു് ഇപ്പോൾ ആരംഭിച്ചിട്ടുണ്ടു". തിരുവനന്തപുരത്തും ഡിസമ്പർ മന്നാംതീയ്യതിമുതൽ തുടങ്ങണമെന്നു വിചാരിക്കുന്നു. കോട്ടയത്തും, തൃശ്ശൂരും ഓരോ ക്ലിനിക്കുകൾ നടത്തുന്നുണ്ടു".

LIBRARY ARCHIVES Kerala Legislative Assembly